*03-06-2026*
*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

(1) സംസ്ഥാനത്ത് വർധിച്ചുവരുന്ന പക്ഷാഘാത സാധ്യതകൾ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിലെ ആരോഗ്യരംഗം ഇന്ന് അതീവഗൗരവതരമായ ഒരു വെല്ലുവിളിയെ അഭിമുഖീകരിക്കുകയാണ്. കോവിഡ് മഹാമാരിക്കുശേഷം സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ പക്ഷാഘാതം(സ്ട്രോക്ക്) വല്ലാതെ വർധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ഒരു കുടുംബത്തിന്റെ നെടുംതൂൺ ആകേണ്ട മുപ്പതും നാൽപ്പത്തിയഞ്ചും പ്രായപരിധിയിലുള്ളവർ അപ്രതീക്ഷിതമായി മരണപ്പെടുകയോ കിടപ്പിലാകുകയോ ചെയ്യുന്നത് അങ്ങേയറ്റം വേദനാജനകമാണ്. മുമ്പ് 60 വയസ്സിനുമുകളിലുള്ളവരിൽ കണ്ടിരുന്ന ഈ രോഗാവസ്ഥ ഇപ്പോൾ യുവാക്കളിലും കുട്ടികളിലും വ്യാപകമാകുന്നത് നമ്മുടെ സമൂഹത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന വിഷയമാണ്. കോവിഡിനുശേഷം വ്യാപകമായി കാണപ്പെടുന്ന ഈ രോഗത്തെക്കുറിച്ച് കൃത്യമായ ഒരു ക്ലിനിക്കൽ പഠനം ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി നടത്തേണ്ടതും ഒരു സംസ്ഥാനതല സ്ട്രോക്ക് രജിസ്ട്രി ആരംഭിക്കുന്നതും ഉചിതമായിരിക്കും. സ്ട്രോക്ക് ചികിത്സ സാധാരണക്കാരന് താങ്ങാവുന്നതിലും അപ്പുറമാണ്. സ്വകാര്യ ആശുപത്രികളിലെ ഭാരിച്ച ചെലവ് കാരണം പല കുടുംബങ്ങളും കടക്കെണിയിലാവുന്നതിനാൽ സ്ട്രോക്ക് വന്നാലുടൻ നൽകേണ്ട ചികിത്സയും വിലകൂടിയ മരുന്നുകളും എല്ലാ താലൂക്ക് ആശുപത്രികളിലും സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. അതിന് എല്ലാ ജില്ലാ ആശുപത്രികളിലും അത്യാധുനിക സ്ട്രോക്ക് യൂണിറ്റുകളും താലൂക്കുതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന CT സ്കാൻ സൗകര്യങ്ങളും ഉറപ്പാക്കേണ്ടതായിട്ടുണ്ട്. മെഡിക്കൽ കോളേജുകളെയും പ്രാദേശിക ആശുപത്രികളെയും സംബന്ധിച്ച് ഹബ് ആൻഡ് സ്പോക്ക് മാതൃക നടപ്പാക്കണം. സ്ട്രോക്ക് അതിജീവിച്ചവർക്ക് ജീവിതത്തിലേക്ക് മടങ്ങാൻ മാസങ്ങളോളം നീളുന്ന ഫിസിയോതെറാപ്പി ആവശ്യമാണ്. സർക്കാർ ആശുപത്രികളിൽ ഇതിനുള്ള സൗകര്യങ്ങൾ പരിമിതമായതിനാൽ പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ കമ്മ്യൂണിറ്റി ഫിസിയോ തെറാപ്പി സെന്ററുകൾ ആരംഭിക്കണം. കിടപ്പിലായ രോഗികൾക്കായി മൊബൈൽ ഫിസിയോ തെറാപ്പി യൂണിറ്റ് പദ്ധതി ആവിഷ്കരിക്കണം.

കൂടുതൽ ഫിസിയോ തെറാപ്പിസ്റ്റുകളെ നിയമിക്കുകയും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ നടപ്പാക്കുകയും വേണം.

കുടുംബനാഥൻ രോഗബാധിതനാകുമ്പോൾ തകരുന്ന കുടുംബങ്ങളെ സംരക്ഷിക്കാൻ കാരുണ്യ ബെനവലന്റ് ഫണ്ടിൽ സ്ട്രോക്ക് ചികിത്സയ്ക്ക് പ്രത്യേക പാക്കേജ് ഉൾപ്പെടുത്തണം. രോഗം ഭേദമായവർക്കായി പ്രത്യേകം തൊഴിൽ/പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കണം. യുവാക്കൾക്കിടയിൽ ഇതിന്റെ ലക്ഷണങ്ങളെക്കുറിച്ച് ആശാവർക്കർമാർ, യൂത്ത് ക്ലബ്ബുകൾ, സന്നദ്ധ സംഘടകൾ എന്നിവ വഴി വിപുലമായ ബോധവൽക്കരണവും പോസ്റ്റ് കോവിഡ് സ്കാനിങ് ക്യാമ്പുകളും സംഘടിപ്പിക്കണം. ഈ ഗൗരവതരമായ സാഹചര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് സമഗ്ര കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് മഞ്ചേശ്വരം എം.എൽ.എ., ശ്രീ. എ. കെ. എം. അഷ്റഫ് ഇവിടെ സൂചിപ്പിച്ചത്. തലച്ചോറിലേക്കുള്ള രക്തധമനികളിൽ രക്തസ്രാവം സംഭവിക്കുന്നതുമൂലമോ രക്തം കട്ടപിടിക്കുന്നതുമൂലമോ തലച്ചോറിലേക്കുള്ള രക്തചംക്രമണം തടസ്സപ്പെടുകയും അതിന്റെ ഫലമായി തലച്ചോറിന്റെ പ്രവർത്തനശേഷി നഷ്ടപ്പെടുകയോ മന്ദീഭവിക്കുകയോ ചെയ്യുന്ന ഗുരുതരമായ രോഗാവസ്ഥയാണ് പക്ഷാഘാതം/സ്ട്രോക്ക്. ഏത് പ്രായക്കാരനിലും ഏത് സമയത്തും സംഭവിക്കാവുന്ന ഈ രോഗാവസ്ഥയ്ക്ക് അടിയന്തരചികിത്സ നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇതിലെ വിപുലമായ കാര്യങ്ങളിൽ ഏതാനും പ്രധാനപ്പെട്ടവ മാത്രം ഈ സഭയിൽ അവതരിപ്പിച്ചശേഷം ബാക്കിഭാഗം മേശപ്പുറത്ത് വയ്ക്കാം.

ഹൃദയസംബന്ധമായ രോഗങ്ങൾ, പ്രമേഹം, രക്താതിമർദം, ഉയർന്ന കൊളസ്ട്രോൾ, പുകവലി, ശാരീരികമായിട്ടുള്ള നിഷ്ക്രിയത്വം തുടങ്ങിയ ജീവിതശൈലി രോഗങ്ങളും അപകട സാധ്യതകളും പക്ഷാഘാത സാധ്യത വർധിപ്പിക്കുന്നതാണ്. പലയാളുകൾക്കും കൊളസ്ട്രോളും പുകവലിയുമുണ്ടെന്നുമാത്രമല്ല, പലരും വ്യായാമം ചെയ്യാറുമില്ല. ഇതെല്ലാം പക്ഷാഘാതത്തിലേക്ക് നയിക്കുന്ന കാരണങ്ങളാണ്.

കേരളത്തിലെ ചെറുപ്പക്കാരുടെ ഇടയിൽ പക്ഷാഘാതം വർധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കോവിഡ് രോഗബാധയുടെ ഫലമായി രക്തധമനികളിൽ

സംഭവിക്കുന്ന ക്ഷതമോ രക്തം കട്ടപിടിക്കുന്ന പ്രവണതയോ ഇതിന് കാരണമാകാമെന്ന് ചില റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും അതുസംബന്ധിച്ച് കൂടുതൽ ശാസ്ത്രീയമായ തെളിവുകളും പഠനങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. അതിനാൽ കോവിഡിനുശേഷമുള്ള സ്ട്രോക്ക് വർധനവിനെപ്പറ്റിയുള്ള വിഷയത്തിൽ ശാസ്ത്രീയമായ വിലയിരുത്തലും നിരീക്ഷണവും തുടരേണ്ടതുണ്ട്.

പക്ഷാഘാതം പ്രധാനമായും രണ്ടുതരത്തിലാണ് കാണപ്പെടുന്നത്. രക്തസ്രാവംമൂലമുണ്ടാകുന്ന ഹെമറാജിക് സ്ട്രോക്കും രക്തം കട്ടപിടിക്കുന്നതുമൂലം സംഭവിക്കുന്ന ഇസ്കീമിക് അഥവാ ത്രോംബോട്ടിക് സ്ട്രോക്കുമാണവ. ത്രോംബോട്ടിക് സ്ട്രോക്ക് ലക്ഷണമാരംഭിച്ച് നാലര മണിക്കൂറിനുള്ളിൽ ചികിത്സ ലഭ്യമാക്കുകയാണെങ്കിൽ പൂർണമായും സുഖപ്പെടുത്താവുന്നതാണ്. ക്ലോട്ട് അലിയിപ്പിക്കുന്നതിനുള്ള ടിഷ്യൂ പ്ലാസ്മിനോജൻ ആക്റ്റിവേറ്റർ പോലുള്ള വിലയേറിയ മരുന്നുകൾ സമയബന്ധിതമായി നൽകുന്നതിലൂടെ തലച്ചോറിലേക്കുള്ള രക്തചംക്രമണം പുനഃസ്ഥാപിക്കാനും രോഗിയുടെ വൈകല്യവും മരണസാധ്യതയും കുറയ്ക്കാനും സാധിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: മറുപടി ടേബിൾ ചെയ്യാൻ പറ്റുന്നതാണെങ്കിൽ ചെയ്യാവുന്നതാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, പ്രധാനപ്പെട്ട പോയിന്റ് മാത്രമാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ബാക്കി ടേബിൾ ചെയ്യാം. ബഹുമാനപ്പെട്ട അംഗം ഈ വിഷയത്തിൽ പ്രത്യേക താൽപര്യമെടുക്കുന്ന ഒരു വ്യക്തിയായതുകൊണ്ടാണ് മറുപടി വിശദമായി പ്രതിപാദിക്കുന്നത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും നാലര മണിക്കൂറിനുള്ളിൽ രോഗികളെ എത്തിക്കാൻ സാധിക്കുന്ന വിധത്തിൽ സംസ്ഥാന ആരോഗ്യവകുപ്പ് ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയുടെ ഭാഗമായി 12 ജില്ലകളിൽ സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട്ടിലും മലപ്പുറത്തും പ്രസ്തുത യൂണിറ്റ് ആരംഭിക്കാത്തതിനാൽ അവിടെയുള്ള മെഡിക്കൽ കോളേജുകൾ ഇത്തരം ആവശ്യത്തിനായി ഉപയോഗിക്കുന്നതാണ്.

നിലവിൽ ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകളും സ്ട്രോക്ക് ത്രോംബോളിസിസ് ചികിത്സാ സൗകര്യവും ലഭ്യമാണ്. ദേശീയ ആരോഗ്യദൗത്യത്തിന്റെ ഫണ്ടുപയോഗിച്ച്

ടി.പി.എ. 50 mg മരുന്ന് സംഭരിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളെ ഹബ്ബുകളായും ജില്ലാ/ജനറൽ ആശുപത്രികളെ സ്പോക്കുകളായും ഉൾപ്പെടുത്തി ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ സ്ട്രോക്ക് പരിചരണ ശൃംഖല ശക്തിപ്പെടുത്തുന്ന വിഷയം സർക്കാർ തലത്തിൽ സജീവ പരിഗണനയിലാണ്.

പക്ഷാഘാത ചികിത്സയോളം പ്രധാനപ്പെട്ടതാണ് പക്ഷാഘാതാനന്തര പുനരധിവാസം. സ്ട്രോക്കുമൂലം സംഭവിക്കുന്ന വൈകല്യങ്ങൾ കുറയ്ക്കാനും രോഗികളെ സാമൂഹികവും തൊഴിൽപരവുമായ ജീവിതത്തിലേക്ക് മടക്കിയെത്തിക്കാനും തുടർച്ചയായ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, തൊഴിൽപരിശീലനം, മാനസികപിന്തുണ എന്നിവ അനിവാര്യമാണ്. നിലവിൽ എല്ലാ ജില്ലാ ആശുപത്രികളിലും ഫിസിക്കൽ മെഡിസിൻ യൂണിറ്റിനോടനുബന്ധിച്ച് സ്ട്രോക്ക് പുനരധിവാസ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

റോബോട്ടിക് റീഹാബിലിറ്റേഷൻ പോലുള്ള ആധുനിക പുനരധിവാസ സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്ന വിഷയം ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുമായി ആലോചിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആയത് എത്രയുംവേഗം നടപ്പിൽ വരുത്തും.

സ്ട്രോക്കിന്റെ ആഘാതം കുറയ്ക്കുന്നതിൽ പൊതുജന ബോധവൽക്കരണം വളരെ നിർണായകമാണ്. പുകവലി, മദ്യപാനം എന്നിവയെല്ലാം പക്ഷാഘാതത്തിലേക്ക് നയിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു.+

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, എം.എൽ.എ.-മാർ സ്ട്രോക്ക് ബാധിച്ച രോഗികളെ സന്ദർശിക്കാൻ പോകുമ്പോൾ അവർ പറയുന്ന ഒരു സങ്കടമുണ്ട്. ഏകദേശം 15 ലക്ഷം രൂപയോളം ബില്ല് വരുന്നതിനാൽ വീട് പണയം വയ്ക്കേണ്ട അവസ്ഥ വരുന്നുണ്ടെന്നും വീണ്ടും ചികിത്സ തുടരുന്നില്ലേ എന്ന് ചോദിക്കുമ്പോൾ, ആശുപത്രി ജില്ലാ ആസ്ഥാനത്തായതിനാൽ ദൂരക്കൂടുതലുണ്ടെന്നും ചികിത്സയ്ക്ക് ഭാരിച്ച ചെലവ് വരുമെന്നുമൊക്കെയാണ് പറയുന്നത്. കാൻസർ, വൃക്കരോഗം എന്നിവ പോലെ കോവിഡിനുശേഷം വ്യാപകമായി സ്ട്രോക്ക് വരികയാണ്. എന്നോടൊപ്പം ഇലക്ഷൻ പ്രചരണത്തിൽ സജീവമായിരുന്ന എം. കെ. ഖലീൽ എന്ന എന്റെ ഒരു സുഹൃത്ത്,

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്പോർട്സ്മാനും എല്ലാ ദിവസവും വ്യായാമം ചെയ്യുന്ന ആളുമായിരുന്നു. അദ്ദേഹം വ്യായാമം ചെയ്തുകൊണ്ടിരിക്കുമ്പോൾ സ്ട്രോക്ക് ബാധിച്ചു. ഇത്തരം രോഗികൾക്ക് നിലവിൽ സ്ട്രോക്കിനുശേഷം ഫിസിയോതെറാപ്പിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളുണ്ട്. എന്റെ മണ്ഡലത്തിന്റെ അടുത്താണ് അഞ്ചോളം മെഡിക്കൽ കോളേജുകളുള്ളത്. കോഴ്സ് കഴിഞ്ഞ കുട്ടികൾ ഇന്റേൺഷിപ്പിന് പോകുന്നതിന് സഹായമഭ്യർഥിച്ച് എം.എൽ.എ.-മാരെ സമീപിക്കാറുണ്ട്. അവരെക്കൂടി ഉപയോഗിച്ചുകൊണ്ട് ഗ്രാമീണതലത്തിൽ സ്ട്രോക്ക് ബാധിച്ചവർക്ക് സെക്കൻഡ് ട്രീറ്റ്മെന്റിനുവേണ്ട ഏർപ്പാടുണ്ടാക്കാൻ കഴിയുമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, സ്ട്രോക്ക് ചികിത്സയുടെ ചെലവിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുണ്ടെങ്കിലും ആ തുക കൊണ്ടുമാത്രം ഇതിന്റെ ചികിത്സയ്ക്കാവശ്യമായ തുക ലഭ്യമാകില്ല. രണ്ടര ലക്ഷം രൂപ മുതൽ നാല് ലക്ഷം രൂപ വരെയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പാക്കേജ്. പക്ഷേ അതുകൊണ്ടുമാത്രം ഇത് ശരിയാകാത്ത സാഹചര്യത്തിൽ മെക്കാനിക്കൽ ത്രോംബെക്ടമിയുടെയും പോസ്റ്റ് സ്ട്രോക്ക് ഐ.സി.യു. പരിചരണത്തിന്റെയും ചെലവ് ഉൾക്കൊള്ളുന്ന വിധത്തിൽ മെഡിസെപ്പ്, കാരുണ്യപദ്ധതി എന്നിവയുടെയെല്ലാം കവറേജ് 5 ലക്ഷം രൂപയായി വർധിപ്പിക്കുന്ന വിഷയം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുമായി ആലോചിച്ച് പരിശോധിക്കുന്നതാണ്.

(2) <u>അഖിലേന്ത്യാ പരീക്ഷകളിലെ ക്രമക്കേടുകൾ നിമിത്തം സംസ്ഥാനത്തെ വിദ്യാർഥികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, കേന്ദ്രസർക്കാരിന്റെ കീഴിൽ നടക്കുന്ന പരീക്ഷകളെല്ലാം രാജ്യത്തെ സമർഥരും കഠിനാധ്വാനശീലരുമായ വിദ്യാർഥികളുടെ നിരാശയിലും കണ്ണീരിലും അവസാനിക്കുന്ന ഹൃദയഭേദകമായ കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഒരു സിസ്റ്റം അപ്പാടെ ജീർണ്ണിച്ചുകഴിഞ്ഞതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഈ സംഭവം. ബി.ജെ.പി. സർക്കാരിന്റെ വർഗീയ, സ്വകാര്യവൽക്കരണ അജണ്ടകളുടെ ഭാഗമായി നടപ്പിലാക്കിയ പുറംകരാർവൽക്കരണമാണ് ഇതിന്റെ മുഖ്യഹേതുവെന്ന് നമുക്ക് കാണാൻ കഴിയുന്നതാണ്. ഇരുപത്തിരണ്ട് ലക്ഷത്തിലധികം വിദ്യാർഥികൾ എഴുതിയ നീറ്റ് ചോദ്യപേപ്പർ ചോർച്ചയെത്തുടർന്ന് പരീക്ഷ

റദ്ദാക്കേണ്ടിവന്നു. തുടർന്ന് നടന്ന അന്വേഷണത്തിൽ കേന്ദ്ര ഭരണകക്ഷി നേതാവായ ശ്രീ. ദിനേശ് ബിൻ വാൾ, ചോദ്യപേപ്പർ സമിതി അംഗങ്ങളായ പ്രൊഫ. പി. വി. കുൽക്കർണി, പ്രൊഫ. മനീഷ ഗുരുനാഥ് മന്ഥാരെ എന്നിവരെല്ലാം പിടിയിലായി. വമ്പിച്ച നെറ്റ്‌വർക്കുള്ള ഒരു വിദ്യാഭ്യാസ മാഫിയ രാഷ്ട്രീയ പിന്തുണയോടെ വർഷങ്ങളായി രാജ്യത്ത് പ്രവർത്തിച്ചുവരുന്നുവെന്നതിന്റെ തെളിവാണ് ഇത്തരം സംഭവങ്ങൾ. ദേശീയതലത്തിൽ നാഷണൽ ടെസ്റ്റിങ് ഏജൻസി രൂപീകരിക്കുകയെന്നുള്ളത് പ്രധാനമന്ത്രിയുടെ നേതൃത്വത്തിലെടുത്ത തീരുമാനമാണ്. എന്നാൽ ഇതുവഴി വമ്പിച്ച തോതിലുള്ള കോച്ചിങ് സെന്റർ വ്യവസായത്തിനും ക്രമക്കേടുകൾക്കും വഴിവെയ്ക്കുക മാത്രമാണുണ്ടായത്. കൊട്ടിഘോഷിച്ച് കൊണ്ടുവന്ന എൻ.ടി.എ. (നാഷണൽ ടെസ്റ്റിങ് ഏജൻസി) പരാജയപ്പെട്ട് ഇന്ന് രാജ്യത്തിനുമുമ്പിൽ തല കുമ്പിട്ടുനിൽക്കുന്ന സ്ഥിതിയാണുള്ളത്. 2024 ജൂലൈ മാസത്തിലെ നീറ്റ് ചോദ്യപേപ്പർ ചോർച്ച കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദേശങ്ങൾ ഇനിയും നടപ്പാക്കിയിട്ടില്ല. നീറ്റ് ചോദ്യപേപ്പർ ചോർച്ചയുടെ വിവാദം കത്തിനിൽക്കുമ്പോഴാണ് സി.ബി.എസ്.ഇ. പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഡിജിറ്റൽ മൂല്യനിർണ്ണയത്തിനായി സി.ബി.എസ്.ഇ. കേന്ദ്രബോർഡ് അവതരിപ്പിച്ച ഓൺ സ്ക്രീൻ മാർക്കിങ് സിസ്റ്റത്തിൽ വലിയ വീഴ്ചയുണ്ടായത്. പ്രതീക്ഷിച്ച മാർക്ക് ലഭിക്കാത്ത ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പുനർമൂല്യനിർണ്ണയത്തിന് അവസരം നിഷേധിക്കുന്ന നിലയിലുള്ള സാങ്കേതിക തകരാറുകളുണ്ടായി. വായിക്കാൻ സാധിക്കാത്ത വിധത്തിലുള്ള ചോദ്യപേപ്പറുകളാണ് പലർക്കും ലഭിച്ചത്. ചിലർക്ക് മറ്റുള്ളവരുടെ ചോദ്യപേപ്പർ ലഭിക്കുന്ന സാഹചര്യം പോലുമുണ്ടായി. പിന്നീട് പല തവണ തീയതി നീട്ടി നൽകിയെങ്കിലും ഇതിനൊരു ശാശ്വത പരിഹാരം ഇന്നും ഉണ്ടായിട്ടില്ല. ദശലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി പന്താടുന്ന നടപടികളാണ് നാഷണൽ ടെസ്റ്റിങ് ഏജൻസി ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഇതിനെല്ലാം പരിഹാരമുണ്ടാകാത്തത് യാദൃശ്ചികമല്ല. ഇതെല്ലാം മനഃപൂർവമാണെന്നുള്ള സംശയങ്ങൾ പല കോണുകളിൽനിന്നും ഉയർന്നുവരികയാണ്. കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ രാജിവയ്ക്കണമെന്ന ആവശ്യം രാജ്യത്തൊട്ടാകെ ശക്തമായി ഉയരുന്ന സാഹചര്യമാണുള്ളത്.

നീറ്റ് പരീക്ഷയിൽ പങ്കെടുക്കുന്നവരിൽ ഒന്നരലക്ഷത്തോളം പേർ മലയാളികളാണ്. സി.ബി.എസ്.ഇ. പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ അരലക്ഷത്തോളം പേരും നമ്മുടെ സംസ്ഥാനത്തുനിന്നുള്ളവരാണ്. ഈ വിദ്യാർഥികളുടെ ദുരിതങ്ങളും കണ്ണീരും കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് സാധിക്കില്ല. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഈ വിഷയത്തിൽ ആവശ്യമായ ഇടപെടലുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. ആർ. അനിൽ ഇവിടെ ഉന്നയിച്ചത്. രാജ്യത്തും കേരളത്തിലും ലക്ഷക്കണക്കിന് വിദ്യാർഥികളെ വലിയ പ്രയാസത്തിലാക്കിയ പ്രശ്നമാണ് ശ്രദ്ധയിൽപ്പെടുത്തിയത്. നീറ്റ് പരീക്ഷ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ കേന്ദ്ര സർക്കാരിന് കീഴിലുള്ള പരീക്ഷാ നടത്തിപ്പ് സംവിധാനമായ നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പൂർണ്ണ ചുമതലയിലാണ് നടത്തുന്നത്. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി നാഷണൽ ടെസ്റ്റിങ് ഏജൻസി ആവശ്യപ്പെടുന്ന കാര്യങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്തുവരുന്നത്. നാഷണൽ ലെവൽ പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനും കേന്ദ്ര ഏജൻസികളുമായുള്ള ഏകോപനത്തിനുമായി 29-03-2025-ലെ സാധാരണ ഉത്തരവ് നം. 419/2025 പ്രകാരം ഒരു സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ സമിതി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയിൽ ശ്രീ. സുധീർ കെ. എസ്., ശ്രീ മനോജ് എബ്രഹാം ഐ.പി.എസ്., ശ്രീ. മോഹിത് ഭരദ്വാജ്, അസിസ്റ്റന്റ് ഡയറക്ടർ എൻ.ടി.എ.; ഡോ. സുചിത്ര പ്യാരേലാൽ, ഡോ. അരുൺ എസ്. നായർ എന്നിവരാണ് അംഗങ്ങളായിട്ടുള്ളത്. നീറ്റ് പരീക്ഷയുടെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് 10-04-2026-ൽ നാഷണൽ ടെസ്റ്റിങ് ഏജൻസി ഒരു യോഗം നടത്തുകയും ഈ യോഗത്തിൽ സ്റ്റേറ്റിനെ പ്രതിനിധീകരിച്ച് ശ്രീ. സുധീർ കെ. എസ്. പങ്കെടുക്കുകയും ചെയ്തു. കൂടാതെ 16-04-2026, 25-04-2026 എന്നീ തീയതികളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ സെക്രട്ടറി, നോഡൽ ഓഫീസർമാരുടെയും ജില്ലാ കളക്ടർമാരുടെയും ഒരു യോഗം ചേരുകയും സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും പരീക്ഷ നടത്തിപ്പിനായി ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും പുരോഗതി വിലയിരുത്തുകയും

ചെയ്തിട്ടുണ്ട്. നീറ്റ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച പൂർണ്ണ ചുമതല കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെസ്റ്റിങ് ഏജൻസിക്കായതിനാൽ പ്രസ്തുത പരീക്ഷ നടത്തിപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച് കേരള സർക്കാരിന് നടപടികളൊന്നും സ്വീകരിക്കാൻ നിർവാഹമില്ലെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. സി.ബി.എസ്.ഇ. പരീക്ഷാ പേപ്പർ മൂല്യനിർണ്ണയവും പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിനുള്ള ഏജൻസികളാണ് ചെയ്യുന്നത്. അതിനാൽ ടി വിഷയത്തിലും സംസ്ഥാന സർക്കാരിന് നടപടികൾ സ്വീകരിക്കാൻ സാധിക്കില്ലെന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിന്മേൽ വിദ്യാർഥി സംഘടനയായ നാഷണൽ സ്റ്റുഡന്റ്സ് യൂണിയൻ ഓഫ് ഇന്ത്യ (എൻ.എസ്.യു.ഐ.) ഡൽഹി, അലഹബാദ്, എന്നീ ഹൈക്കോടതികളിൽ ഫയൽ ചെയ്ത പൊതുതാൽപര്യ ഹർജിയിന്മേൽ വന്ന വിധികൾ ആശ്വാസകരമാണ്. കുട്ടികൾക്കൊപ്പം നിൽക്കുന്ന വിധിയാണ് ബഹുമാനപ്പെട്ട കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. വിദ്യാർഥികൾക്ക് ഓൺലൈൻ വിൻഡോ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരുമാസം അധിക സമയം നൽകുവാനും അവരുടെ മാർക്കുകൾ വേഗത്തിൽ നൽകുന്നതിനുമുള്ള കോടതി ഉത്തരവുകൾ ഉണ്ടാകേണ്ടതുണ്ട്. സി.ബി.എസ്.ഇ. പന്ത്രണ്ടാം ക്ലാസ് മൂല്യനിർണ്ണയത്തിലുണ്ടായ വലിയ പിഴവുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെ ഈ പ്രശ്നത്തിൽ അടിയന്തര ഇടപെടലുകൾ നടത്തണമെന്നാവശ്യപ്പെട്ട് 25-05-2026-ൽ ബഹുമാനപ്പെട്ട കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സംസ്ഥാനം കത്തയയ്ക്കുകയുണ്ടായി. ഇത് പൂർണ്ണമായും കേന്ദ്രഗവൺമെന്റിന്റെ അധീനതയിൽ ഉള്ളതാണെങ്കിലും കഴിയാവുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്താനും സംസ്ഥാനത്തെ കുട്ടികളുടെ പ്രയാസങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്താനും ഇത്തരം വിഷയങ്ങളിൽ നമുക്കുള്ള ആശങ്കകൾ അറിയിക്കാനും ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ, ഒരു സ്വതന്ത്ര വിദഗ്ധ സമിതിയെ നിയമിച്ച് സി.ബി.എസ്.ഇ. ഓൺ സ്ക്രീൻ മാർക്കിങ് മൂല്യനിർണ്ണയത്തിൽ ഉണ്ടായ പിഴവുകൾ പരിശോധിക്കുക, സംശയിക്കപ്പെടുന്ന സാങ്കേതിക മൂല്യനിർണ്ണയ പിഴവുകൾ പരിഹരിക്കുക, സമഗ്രമായ ടെക്നിക്കൽ ഓഡിറ്റിലൂടെ സ്കാനിങ് ആൻഡ് ഡിജിറ്റൽ പരിശോധന പ്രക്രിയ നടത്തുക, സുതാര്യവും വിദ്യാർഥി സൗഹൃദവും

സമയബന്ധിതവുമായ പരാതി പരിഹാര സംവിധാനം ഉറപ്പുവരുത്തുക എന്നിവയാണ് ഞങ്ങൾ ആവശ്യപ്പെട്ട പ്രധാന കാര്യങ്ങൾ.

മി.സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് ഒരു കാര്യം ചോദിക്കാനുണ്ട്. കേരളത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട പൊതുസമൂഹവും ഈ കാര്യം വളരെ ആശങ്കയോടുകൂടിയാണ് കാണുന്നത്. നമ്മുടെ കുട്ടികളുടെ ഭാവിയെ പന്താടുന്ന രൂപത്തിലേക്ക് പോകുന്നുവെന്നുള്ള പൊതുവിമർശനവും വന്നിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിലെ ബന്ധപ്പെട്ട ആളുകളെ അറിയിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എല്ലാ ശ്രദ്ധയും വയ്ക്കുമോ എന്നതാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ വിഷയം ശ്രദ്ധയിൽപ്പെട്ട മെയ് മാസം 25-ാം തീയതി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി കേന്ദ്രമന്ത്രിക്കും സി.ബി.എസ്.ഇ.-യുടെ ചെയർമാനും കത്തുകൾ അയയ്ക്കുകയുണ്ടായി. പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളെക്കുറിച്ച് ആ കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു.

മി.സ്പീക്കർ: ഇക്കാര്യത്തിലുള്ള സഭയുടെ ആശങ്കകൂടി നമ്മൾ അവരെ അറിയിക്കുകയാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ ഞാൻ ഓർമ്മിപ്പിക്കുകയും ചെയ്യുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ലക്ഷക്കണക്കിന് കുട്ടികളെ ബാധിക്കുന്ന വിഷയത്തിൽ കേന്ദ്രഗവൺമെന്റ് വളരെ അലസമായാണ് പെരുമാറിയത്. ശ്രദ്ധക്ഷണിക്കലിൽ ചൂണ്ടിക്കാണിച്ചതുപോലെ, വിദ്യാഭ്യാസ രംഗത്ത് മാഫിയയുമായി ബന്ധപ്പെട്ട പ്രവണതകൾ വളർന്നുവരുന്നുവെന്നത് അനഭിലഷണീയമാണ്. കേന്ദ്രഗവൺമെന്റിന്റെയും സി.ബി.എസ്.ഇ.-യുടെയും ഭാഗത്തുനിന്നും വളരെ വലിയ തെറ്റുകൾ ഇക്കാര്യത്തിൽ സംഭവിച്ചിട്ടുണ്ട്. ഇന്നലെയാണ് സി.ബി.എസ്.ഇ.-യുടെ സെക്രട്ടറിയെയും ചെയർമാനെയും കേന്ദ്ര ഗവൺമെന്റ് മാറ്റുന്നത്. .....(ബഹളം)....

മി.സ്പീക്കർ: ചർച്ചയില്ല... പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞവസാനിപ്പിച്ചുകൊള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വലിയ പ്രതിഷേധങ്ങൾ ഉണ്ടായപ്പോൾ മാത്രമാണ് ഇത്തരം നടപടികൾ കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട

ചെയറും അംഗവും ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, വിദ്യാർഥികൾക്ക് ആശ്വാസം ലഭിക്കുവാൻ ഈ വിഷയത്തിൽ തുടർന്നും ഇടപെടുമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളാണ് കേരളത്തിലെ ജനങ്ങളുടെ ഒരാശങ്ക. കേരളത്തിലെ ജനങ്ങളും വിദ്യാർഥി സമൂഹവും കടുത്ത പ്രതിഷേധത്തിലും ആശങ്കയിലുമാണ്. അതിനനുസൃതമായൊരു സമീപനം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുമുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ഇത്രയും ഗൗരവമേറിയ വിഷയം ഒരു കത്തിടപാടിലൂടെമാത്രം അവസാനിപ്പിക്കാവുന്നതാണോ; കേരളത്തിലെ വലിയൊരു വിഭാഗം കുട്ടികൾ പരീക്ഷ എഴുതി ഇത്തരമൊരു അവസ്ഥയിലെത്തിയ കാര്യം കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്യുണ്ടേ; അതിൽ നേരിട്ട് ഇടപെടണ്ടേ; നിരവധി വിദ്യാർഥികൾ പരാതിയുമായി കോടതി സമീപിച്ചിട്ടുണ്ട്. കോടതിയെ സമീപിച്ച കുട്ടികൾക്ക് നിയമസഹായം നൽകാൻ തയ്യാറാകുമോ?

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാനുള്ള പരിമിതികൾ ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് കേന്ദ്രതലത്തിലുള്ള പരീക്ഷയാണ്. അവരെ കൺട്രോൾ ചെയ്യുന്നത് കേന്ദ്ര സർക്കാരാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയങ്ങളോട് ഞങ്ങളും യോജിക്കുന്നു. കാരണം കേന്ദ്ര സർക്കാർ അത് സീരിയസായി കാണണമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ വളരെ ഗൗരവമുള്ളതാണ്. വിദ്യാഭ്യാസം വളരെ സുതാര്യമായി നടത്തപ്പെടേണ്ട സംഗതിയാണ്. നമ്മുടെ കുട്ടികളുടെ ആശങ്കയാണ്. നന്നായി കഷ്ടപ്പെട്ട് പഠിച്ച് പരീക്ഷയെഴുതിയ കുട്ടികൾ വലിയ നിരാശയിലാണ്. പലർക്കും മാനസിക വിഭ്രാന്തിയുമൊക്കെയുണ്ട്. പല രക്ഷിതാക്കളും ഞങ്ങളെ വിളിക്കുന്നുണ്ട്. വിഷയത്തിന്റെ ഗൗരവം ഒട്ടും കുറച്ച് കാണുന്നില്ല. എന്നാൽ ഇടപെടുന്നതിൽ പരിമിതികളുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ കത്തയച്ച കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത്. ഈ പ്രശ്നം വന്ന അന്നുതന്നെ ഒരു നിമിഷംപോലും

പാഴാക്കാതെ കേന്ദ്ര സർക്കാരിന് കത്തയച്ചു. ഇവിടെ സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ ആർക്കെങ്കിലും നിയമസഹായം ആവശ്യമുണ്ടെങ്കിൽ അതും ഗവൺമെന്റ് നൽകുന്നതാണ്.